**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

# KERALA WATER AUTHORITY

**Jalabhavan**
**Thiruvananthapuram – 695033**
**Kerala - India**

File No. KWA-JB/4697/2024-E1

Dated: 05-09-2024

## കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷുറൻസിന്റെ ഭാഗമായുള്ള കോർപ്പറേറ്റ് ബഫർ ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ വഴി നിലവിൽ ഓരോ വർഷവും ജീവനക്കാർക്കും കുടുംബത്തിനും ഇൻ-പേഷ്യന്റ് ചികിത്സയ്ക്ക് മൂന്നുലക്ഷം രൂപയുടെ **sum insured** പരിരക്ഷയുണ്ട്. ഇതുപ്രകാരം ഒരു കുടുംബത്തിന് ഒരു മാസം ശരാശരി **25,000/-** രൂപയുടെ പരിരക്ഷയ്ക്കുള്ള അർഹതയുണ്ട്. കൂടാതെ മെഡിക്കൽ ഇൻഷുറൻസിന്റെ ഭാഗമായി നിലവിലെ പോളിസി പ്രകാരം ഒരു കോടി രൂപയുടെ കോർപ്പറേറ്റ് ബഫർ ഫണ്ടും ഉണ്ട്.

**2023-24** -ൽ ബഫർ ഫണ്ടിന് അപേക്ഷ ലഭ്യമായത് **2,57,25,174/-** രൂപയാണ്. ഇതിൽ മെഡിക്കൽ ഇൻഷുറൻസിന് പരിഗണനാർഹമായ തുക **1,87,31,098/-** രൂപയാണ്. അതിൽ **99.98** ലക്ഷം രൂപ പൂർണമായും വിനിയോഗിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ബഫർ ഫണ്ട് പര്യാപ്തമല്ലാതിരുന്നതിനാൽ **2023-24** തുടക്കത്തിൽ തന്നെ ബഫർ ഫണ്ട് അനുവദിക്കുന്നതിന് പരിധി നിർണയിച്ചിരുന്നു. ബഫർ ഫണ്ട് അപേക്ഷകളിൽ തുടക്കത്തിൽ മെഡിക്കൽ ഇൻഷുറൻസിന് പരിഗണിക്കേണ്ട തുകയുടെ **75% ഉം** തുടർന്ന് ലഭ്യമായ അപേക്ഷകൾക്ക് **65% ഉം** തുടർന്ന് **50% ഉം,** എന്നാൽ ഒടുവിൽ ലഭ്യമായ അപേക്ഷകൾക്ക് യോഗ്യമായ തുകയുടെ **38%** മാത്രമാണ് അനുവദിക്കാൻ കഴിഞ്ഞത്. ഭാര്യ-ഭർതൃ മാതാവ്/ പിതാവ് എന്നിവർക്ക് യോഗ്യമായ തുകയുടെ

**25%** മാത്രമാണ് ബഫർ ഫണ്ട് ആയി പോളിസി പിരീഡിൽ അനുവദിച്ചത് .

നിലവിൽ ബഫർ ഫണ്ടിന് ലഭ്യമാകുന്ന ക്ലെയിമുകൾ ഒരു കോടി രൂപയ്ക്ക് മുകളിൽ വരുന്നതിനാൽ പോളിസി പീരിയഡിന്റെ തുടക്കത്തിൽ ലഭ്യമാകുന്ന അപേക്ഷകർക്ക് കൂടുതൽ ഫണ്ട് ലഭിക്കുകയും അവസാനം അപേക്ഷിക്കുന്നവർക് ഫണ്ട് ലഭ്യതയിൽ കുറവും വരുന്നു. പോളിസി പിരീഡിന്റെ അവസാന ക്വാർട്ടറുകളിലാണ് ബഫർ ഫണ്ട് കൂടുതൽ തുക വേണ്ടി വരുന്നത്. ബഫർ ഫണ്ടിനുള്ള ആവശ്യകത വർദ്ധിക്കുന്ന സാഹചര്യത്തിൽ ബഫർ ഫണ്ട് അനുവദിക്കുന്നതിന് കൂടുതൽ നിയന്ത്രണങ്ങൾ ആവശ്യമായിട്ടുണ്ടെന്ന് **30.07.2024** ൽ ജോയിന്റ് മാനേജിംഗ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ **2024-25** വർഷത്തെ ബഫർ ഫണ്ട് അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ നിർദ്ദേശിച്ചു .

അർഹരായ അപേക്ഷകർക്ക് അർഹതയും രോഗ തീവ്രതയും അനുസരിച്ച് പരമാവധി പേർക്ക് ക്ലെയിം നൽകാൻ ഇത്തരത്തിലൂടെ ലക്ഷ്യമിടുന്നതിനാൽ ജീവനക്കാർക്കും കുടുംബത്തിനും ബഫർ ഫണ്ട് അനുവദിക്കുന്നതിന് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**(1) 2024-25** വർഷത്തെ ബഫർ ഫണ്ട് പരമാവധി തുക **family-floater** ആയി 3 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. **family- floater** ആയതിനാൽ ഈ തുകയ്ക്ക് ജീവനക്കാർ, അവരുടെ ആശ്രിതരായ ഭാര്യ/ഭർത്താവ്, മക്കൾ, ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്ന അച്ഛൻ/അമ്മ എന്നിവർക്ക് അർഹതയുണ്ട്. ആശ്രിതരായ അച്ഛന്റേയും അമ്മയുടെയും അഭാവത്തിൽ പകരമായി ഉൾപ്പെടുത്തിയിട്ടുള്ള ഭാര്യ-ഭർത്ത മാതാവ്/പിതാവ്എന്നിവർക്കുള്ള ചികിത്സയ്ക്ക് ബഫർ ഫണ്ടിനു അർഹത ഉണ്ടായിരിക്കുന്നതല്ല.

**(2)** ഇൻഷുറൻസ് പരിരക്ഷ തുകയായ 3 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ച് തീരുന്ന സാഹചര്യത്തിൽ **in-patient** ചികിത്സയ്ക്ക് കൂടുതൽ തുക ആവശ്യമാകുന്ന പക്ഷം ബഫർ ഫണ്ടിൽ നിന്നും അധിക തുക അനുവദിക്കുന്നതിന് ജീവനക്കാർക്ക് മാനേജിംഗ് ഡയറക്ടർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**(3)** ബഫർ ഫണ്ടിനുള്ള അപേക്ഷ (ഡോക്ടറുടെ സാക്ഷ്യപത്രം/ഡിസ്ചാർജ് സമ്മറി/ ഡിസ്ചാർജ് ബിൽ - ബാധകമായത്) എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ് .

**(4)** പ്രസ്തുത അപേക്ഷ ഇൻഷുറൻസ് കമ്പനി ചുമതലപ്പെടുത്തിയിട്ടുള്ള **Third Party**

**Administrator(TPA)** റുടെ റിപ്പോർട്ടിനായി അയയ്ക്കുകയും **Sum Insured** തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഇൻഷുറൻസ് ബഫർ തുകയ്ക്ക് പരിഗണിക്കേണ്ട തുക സംബന്ധിച്ചും ഉള്ള റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**(5)** ബഫർ ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി രണ്ടു ലക്ഷം രൂപാ വരെയുള്ള തുക **Cashless/Reimbursement** ആയി ഇൻഷുറൻസ് കമ്പനിയ്ക്ക് നേരിട്ട് അനുവദിയ്ക്കാവുന്നതാണ്. അതിനായി മാനേജിംഗ് ഡയറക്ടർക്ക് ലഭ്യമാകുന്ന അപേക്ഷകൾ ഇൻഷുറൻസ് കമ്പനിയ്ക്ക് ഇമെയിൽ മുഖേന അയച്ചുനൽകുകയും അതിൽ യോഗ്യമായ തുകയുടെ **60%** (പരമാവധി രണ്ടു ലക്ഷം രൂപ വരെ) ബഫർ ഫണ്ട് ആയി ഇൻഷുറൻസ് കമ്പനി നേരിട്ട് അനുവദിയ്ക്കേണ്ടതാണ്. ഓരോ അപേക്ഷയ്ക്കും അനുവദിച്ച തുക ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

**(6)** രണ്ടു ലക്ഷം രൂപയ്ക്കു മുകളിലുള്ള (പരമാവധി മൂന്നുലക്ഷം രൂപ വരെ) ബഫർ ഫണ്ടിന് യോഗ്യമായ അപേക്ഷകൾ ബഫർ ഫണ്ടിന് പരിഗണിക്കുന്നതിന് **IRDAI** അംഗീകരിച്ചിട്ടുള്ള **Critical illness** രോഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന രോഗങ്ങൾ ആണോ എന്ന് പരിശോധിച്ചു ഇൻഷുറൻസ് കമ്പനിയുടെ വിശദമായ റിപ്പോർട്ട് സഹിതം, ഫിനാൻസ് മാനേജർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(ജനറൽ), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ബഫർ ഫണ്ട് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

തുടർന്ന് കമ്മിറ്റി തീരുമാനപ്രകാരം അപേക്ഷകൾ ഇൻഷുറൻസ് കമ്പനിക്ക് യഥാസമയം സമർപ്പിക്കേണ്ടതാണ്.

**(7)** കമ്മിറ്റി, ഇൻഷുറൻസ് പീരീഡ് മുഴുവനും ബഫർ ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തേണ്ടതും കൂടുതൽ പേർക്ക് ബഫർ ഫണ്ട് പരമാവധി ഏകീകൃത രീതിയിൽ ലഭ്യമാക്കുന്നത്തിനായി ഓരോ മൂന്നുമാസം കൂടുമ്പോഴും **Buffer fund Utilization statement** പരിശോധിച്ച് ബഫർ ഫണ്ട് അനുവദിക്കുന്ന ശതമാനത്തിൽ ആവശ്യമെങ്കിൽ പുനഃക്രമീകരണം നടത്തുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് ശുപാർശ നൽകേണ്ടതുമാണ്.

**(8)** ഇത്തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇൻഷുറൻസ് തുക നൽകുമ്പോൾ മിച്ചം വരുന്ന തുക മൂന്ന് ലക്ഷത്തിനു മുകളിലുള്ള **High value claim** നു പരിഗണിക്കേണ്ടതാണ്.ഇത്തരത്തിൽ പരിഗണിക്കുന്ന അപേക്ഷകൾക്ക് ക്ലെയിം സ്റ്റെൽമെന്റിനായി ഇൻഷുറൻസ് കമ്പനി കൂടുതൽ സമയം അനുവദിക്കേണ്ടതുമാണ്.

Signed by
Binu Francis
Date: 05-09-2024 21:57:53

**BINU FRANCIS IAS**
**JOINT MANAGING DIRECTOR**